

# ദൃശ്യ ഭൂപടങ്ങളിലേക്കുള്ള യാത്രകൾ

എഡിറ്റർ: ഡോ. രാജേഷ് എം.ആർ





# ദൃശ്യ ഭൂപടങ്ങളിലേക്കുള്ള യാത്രകൾ

എഡിറ്റർ: ഡോ. രാജേഷ് എം.ആർ

ലോകസിനിമ വൈവിധ്യാത്മകവും ബഹുസ്വരവുമാണ്. യുദ്ധവും ഹിംസയും ഫാസിസവും പലായനവുമെല്ലാം ഇതിൽ കാണാനാകും. ലോകസിനിമയിലെ ദൃശ്യഭൂപടങ്ങളിലേക്കുള്ള യാത്രകളാണ് ഈ സമാഹാരം.

ഐ. ഷണ്മുഖദാസ് / ജി.പി. രാമചന്ദ്രൻ / ഡോ. ആർ.വി.എം. ദിവാകരൻ
ഡോ. ഉമർ തറമേൽ / പി.കെ സുരേന്ദ്രൻ / ഡോ. അജയ് ശേഖർ / കെ.ആർ. രഞ്ജിത്ത്
ഇന്ദുശേഖർ / അജു കെ. നാരായണൻ / ചെറി ജേക്കബ് കെ / മധു ജനാർദ്ദനൻ
സജിൻ പി.ജെ / സംഗീത ചേനംപുല്ലി / ഡോ. രാജേഷ് എം.ആർ

mayflower
An imprint of payal books

ISBN 978-93-85894-14-5

₹ 100
Essays

Cover Design : Sunoj Babu

follow payal books

**Drisyabhoopadangalilekkulla yathrakal**
Essays
Language: Malayalam
Editor: Dr. Rajesh M R
Cover Design: Sunojbabu
First Edition: 2016 July
ISBN: 978-93-85894-14-5

**Publishers :**
**Mayflower**
**(An Imprint Of Payal Books)**
K.P Plaza,
Parakkandy road,
Kannur- 670001
ph: 9995285403, 9809863785
email: mayflowerpublications@gmail.com
Type setting& Lay out: Paayal graphics
Printing: Printing Park, Thalassery

All rights reserved. No part of this publication may be reproduced or utilized in any form or by any means without the prior written permission of the author/publisher.

Price Rs **100/-**

# ഉള്ളടക്കം


ആമുഖം 7

1. ചുംബിക്കുന്ന ബസ്റ്റർ, ചിരിക്കാത്ത കീറ്റൻ 9
ഐ. ഷണ്മുഖദാസ്

2. നാടോടിത്തത്തിന്റെ ജാതകവിധികൾ 20
ജി.പി. രാമചന്ദ്രൻ

3. സിനിമയുടെ അരികിടങ്ങൾ 29
ഡോ.ആർ.വി.എം ദിവാകരൻ

4. സിനിമയിലെ ഫോക്‌ലോർ,
സിനിമ എന്ന ഫോക് ലോർ 40
അജു.കെ. നാരായണൻ, ചെറി ജേക്കബ്. കെ

5. മുഖവും ശൂന്യതയും 51
ഡോ.ഉമർ തറമേൽ

6. ദൃശ്യവിസ്മയങ്ങൾക്ക് ഒരു വിയോജനക്കുറിപ്പ് 55
പി.കെ. സുരേന്ദ്രൻ

7. ഏഷ്യൻ സിനിമയുടെ പുത്തൻചേരികളും പള്ളികളും 62
ഡോ. അജയ്ശേഖർ

8. ലോകസിനിമ:
കൂട്ടുകൃഷിക്കാരും വരമ്പത്ത് കാത്തുനിൽക്കുന്നവരും 68
കെ.ആർ രഞ്ജിത്ത്

9. മനുഷ്യാവസ്ഥയുടെ വിമുഖമായ നിലവിളികൾ 75
ഇന്ദുശേഖർ

10. ഇറ്റാലിയൻ നിയോറിയലിസം-
പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സിനിമകൾ 78
മധു ജനാർദ്ദനൻ

11. ഇറ്റലിയിൽനിന്നും ഇന്ത്യയിലേക്കുള്ള ദൂരങ്ങൾ അഥവാ
സിനിമയിൽ ഒരേവർഷം ജ്ഞാനസ്നാനം ചെയ്യപ്പെട്ടവർ 87
സജിൻ പി.ജെ

12. പെൺതടവറകളും ആൺസംഘർഷങ്ങളും 95
സംഗീത ചേനംപുല്ലി

13. ഫാസിസവും യുദ്ധവും ലോകസിനിമകളിലെ
അധിനിവേശ രാഷ്ട്രീയം 99
ഡോ. രാജേഷ് എം.ആർ

# ഏഷ്യൻ സിനിമയുടെ പുത്തൻ ചേരികളും പള്ളികളും

## ഡോ. അജയ് ശേഖർ

പുത്തൻ ഏഷ്യൻ സംവിധായകരുടെ പ്രബുദ്ധമായ ഉയർത്തെഴുന്നേൽപ്പാണ് ഇന്ത്യയുടേയും കേരളത്തിന്റേയും രാജ്യാന്തര ചലച്ചിത്രമേളകളുമായി ബന്ധപ്പെട്ട ആവേശഭരിതമായ പുതിയ വർത്തമാനം. വോങ് കർവായിയും സായി മിങ് ലിയാങ്ങും കിം കിദുകും ജിയോൻ സൂ ഇലും ഏഷ്യൻ സിനിമയുടെ ശക്തമായ സാന്നിധ്യങ്ങളാകുന്നു. റഷ്യൻ സിനിമയുടെ സമകാലിക ആശാന്മാരായ സയാജിൻസേവും (ലെവിയത്താൻ) ബൈകോവും (ഫൂൾ) കൊൻചലോവ്സ്കിയും (പോസ്റ്റ്മാൻസ് വൈറ്റ് നൈറ്റ്സ്) സാന്ദ്രഗഹനമായ റഷ്യൻ യഥാതഥ ചലച്ചിത്രാഖ്യാനങ്ങളുമായി രംഗത്തുണ്ട്. പശ്ചിമേഷ്യയുടെ അനന്യ ശബ്ദമായ മഖ്ബൽബഫും ലളിതസുന്ദര രചനകളുമായി പ്രേക്ഷകരെ ആകർഷിക്കുന്നു. നൂറി സെയ്ലാൻ ശിശിരനിദ്രയെന്ന ചിത്രവുമായി തുർക്കിയുടെ സിനിമയെ ലോകഭൂമികയിൽ സൂക്ഷ്മമായി ഇടപെടുത്തുന്നു. ഐറിഷ് പ്രാദേശിക ചരിത്രവും ബ്രിട്ടീഷ് ആന്തരാധിനിവേശത്തിനെതിരായ അരികുകളുടെ ചെറുത്തുനിൽപ്പും തദ്ദേശീയ നേതാവിലൂടെ ചടുലമായി ചിത്രീകരിച്ച കെൻ ലോച്ചിന്റെ ജിമീസ് ഹോൾ എന്ന ചിത്രവും ഏറെ ശ്രദ്ധേയമായിരുന്നു ഗോവയിലെ മഹാദയി എന്ന മാണ്ടോവി നദിയുടെ തീരങ്ങളിൽ.

ഗ്രാൻഡ് മാസ്റ്റർ എന്ന ചിത്രത്തിലൂടെ ഏഷ്യയുടെ നൈതികമായ ആത്മരക്ഷാമാർഗമായ കുങ് ഫൂവിലെ പെരിയ ആശാനായിരുന്ന ചൈനയിലെ ഇപ് മന്റെ ഐതിഹാസികമായ ജീവിത കഥയാണ്, അഥവാ ജീവചരിത്രമാണ് സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം നേടിയ ചീന-ഹോങ്കോങ് സംവിധായകനായ വോങ് കർവായി ചലച്ചിത്രമാക്കിയിരിക്കുന്നത്. കേരളത്തിലെ കളരിയും തെക്കുകിഴക്കൻ ഏഷ്യയിലെ കുങ് ഫൂവും കരാട്ടേയും തായ്കൊണ്ടോയുമെല്ലാം ഏഷ്യയാകെ പടർന്ന പോതിമരത്തിന്റെ പല പ്രാദേശിക ശാഖകളാണ്. അഹിംസയും ധമ്മചിന്തയും അക്ഷരങ്ങളും അടിത്തട്ടിലുള്ള ബഹുജനങ്ങളിൽ പടർത്തിയ ബുദ്ധബോധകരാണീ ശരീ